# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1314 31/10/2019-ൽ മറുപടിക്ക്

## ഇടുക്കി ജില്ലയിലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിലെ ഡ്രൈവർ തസ്തികയും വാഹനവും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഇടുക്കി ജില്ലയിലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ എത്ര ഡ്രൈവർ തസ്തികയും എത്ര വാഹനവും നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | എ) ഇടുക്കി ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് ഒരു ഡ്രൈവർ തസ്തികയും ഒരു വാഹനവും ഉണ്ട്. |
| ബി) പ്രസ്തുത ജില്ലയിലെ മൂന്ന് നിയോജകമണ്ഡല പരിധി പ്രവർത്തന മേഖലയായിട്ടുള്ള കട്ടപ്പന വിദ്യാഭ്യാസ ജില്ലാ ഓഫീസിന് അനുവദിച്ചിരുന്ന ഡ്രൈവർ തസ്തികയും വാഹനവും പ്രസ്തുത ഓഫീസിൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഡ്രൈവർ തസ്തികയും വാഹനവും ലഭ്യമാക്കുമോ? | ബി) കട്ടപ്പന വിദ്യാഭ്യാസ ജില്ലാ ഓഫീസിന് അനുവദിച്ചിരുന്ന വാഹനം കാലപ്പഴക്കം കാരണം ഉപയോഗശൂന്യമാവുകയും സർക്കാർ ഉത്തരവ് പ്രകാരം ടി വാഹനം ലേലം ചെയ്യുകയും ചെയ്തു. ടി ഓഫീസിൽ ജോലി ചെയ്തിരുന്ന ഡ്രൈവർ ഇപ്പോൾ തൊടുപുഴ വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി നോക്കിവരുന്നു. കട്ടപ്പന ഡി.ഇ.ഒ. ഓഫീസിൽ വാഹനം അനുവദിക്കണമെന്നാവശ്യപ്പെട്ട് ഡി.ഇ.ഒ. സർക്കാരിൽ സമർപ്പിച്ച അപേക്ഷ ശുപാർശയും വിശദമായ പ്രൊപ്പോസലിനുമായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**